നം. സി.ഇ.ഇ/5500/2017/KEAM-2018/റ്റി.എ.1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്

## പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം

## 2018 ഫെബ്രുവരി 28-നകം ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കണം

2018-19 അദ്ധ്യയന വർഷത്തെ എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ, ഫാർമസി, മെഡിക്കൽ/അനുബന്ധ കോഴ്സുകളിലേയ്ക്ക് പ്രവേശനത്തിനായുള്ള ഓൺലൈൻ അപേക്ഷകൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിലൂടെ 2018 ഫെബ്രുവരി 28 വൈകുന്നേരം 5 മണിയ്ക്കു മുൻപായി സമർപ്പിക്കേണ്ടതാണ്. ഓൺലൈനായി സമർപ്പിച്ച അപേക്ഷയുടെ പ്രിന്റൗട്ടും, അനുബന്ധ രേഖകളും 2018 മാർച്ച് 31 വൈകുന്നേരം 5 മണിയ്ക്കു മുൻപായി പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ ലഭിച്ചിരിക്കണം. ഓൺലൈൻ അപേക്ഷാ സമർപ്പണത്തിന് വിദ്യാർത്ഥികളെ സഹായിക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിലും സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഫെസിലിറ്റേഷൻ സെന്ററുകളും പ്രത്യേകമായി സജ്ജമാക്കിയിട്ടുണ്ട്. ഫെസിലിറ്റേഷൻ സെന്ററുകളുടെ ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ, ഫാർമസി, മെഡിക്കൽ/അനുബന്ധ കോഴ്സുകളിലെ പ്രവേശനത്തിനായി ഇതിനോടകം ഓൺലൈൻ രജിസ്ട്രേഷൻ നടത്തിയിട്ടുള്ള 152684 വിദ്യാർത്ഥികളിൽ 132182 പേർ ഫൈനൽ സബ്മിഷൻ നടത്തുകയും 129699 പേർ അപേക്ഷയുടെ പ്രിന്റൗട്ട് എടുക്കുകയും ചെയ്തിട്ടുണ്ട്. പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈനായി അപേക്ഷ നൽകുകയും, അപേക്ഷയുടെ പ്രിന്റൗട്ടും അനുബന്ധ രേഖകളും സമർപ്പിക്കുകയും ചെയ്യാത്തവരെ ഒരുകാരണവശാലും സംസ്ഥാനത്തെ മേൽപ്പറഞ്ഞ കോഴ്സുകളിലെ പ്രവേശനത്തിനായി പരിഗണിക്കുന്നതല്ല. എം.ബി.ബി.എസ്, ബി.ഡി.എസ്, ബി.എ.എം.എസ്, ബി.എച്ച്.എം.എസ്, ബി.എസ്.എം.എസ് എന്നീ മെഡിക്കൽ കോഴ്സുകളോ, അഗ്രികൾച്ചർ, ഫോറസ്ട്രി, വെറ്ററിനറി, ഫിഷറീസ് എന്നീ അനുബന്ധ കോഴ്സുകളോ ആവശ്യമുള്ളവർ ഓൺലൈൻ അപേക്ഷാ സമർപ്പണവേളയിൽ 'Medical/Allied' തിരഞ്ഞെടുക്കേണ്ടതാണ്.

പ്രത്യേക ശ്രദ്ധയ്ക്ക്

1) അപേക്ഷയുടെ പ്രിന്റൗട്ടിനോടൊപ്പം നേറ്റിവറ്റി തെളിയിക്കുന്നതിന് 'കേരളീയൻ' ആയ അപേക്ഷകർ അപേക്ഷകന്റേയോ, മാതാപിതാക്കളുടെയോ കേരളത്തിലെ ജനന സ്ഥലം കാണിക്കുന്ന ജനന സർട്ടിഫിക്കറ്റ്, എസ്.എസ്.എൽ.സി, പാസ്പോർട്ട് എന്നിവയിലേതെങ്കിലും ഒന്നിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് സമർപ്പിക്കേണ്ടതാണ്. മാതാപിതാക്കളുടെ സർട്ടിഫിക്കറ്റുകൾ ഹാജരാക്കുന്നവർ അപേക്ഷകനും, മാതാവും/പിതാവും തമ്മിലുള്ള ബന്ധം തെളിയിക്കുന്ന രേഖയും ഹാജരാക്കേണ്ടതാണ്.

2) എസ്.ഇ.ബി.സി/ഒ.ഇ.സി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾ അപേക്ഷയുടെ പ്രിന്റൗട്ടിനോടൊപ്പം ലഭിക്കുന്ന നിശ്ചിത മാതൃകയിൽതന്നെ നോൺക്രീമിലെയർ സർട്ടിഫിക്കറ്റ് വില്ലേജ് ഓഫീസറിൽ നിന്നും വാങ്ങി സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം ലഭിക്കുന്ന നിശ്ചിത മാതൃകയിലല്ലാത്ത നോൺക്രീമിലെയർ സർട്ടിഫിക്കറ്റുകൾ പരിഗണിക്കുന്നതല്ല.

Santhosh Kumar

തിരുവനന്തപുരം
23.02.2018

പ്രവേശന പരീക്ഷാ കമ്മീഷണർക്കുവേണ്ടി